LIBRARY ARCHIVES Kerala Legislative Assembly

സഡക് പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിലെ റോഡ് നിർമ്മാണം

125 [3381] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതിയായ സഡക് പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ നാളിതുവരെ എത്ര റോഡുകൾ ഉൾപ്പെടുത്തി എന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡുകളിൽ അംഗീകാരം ലഭിച്ച് പണി ആരംഭിച്ച റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) എന്നത്തേക്ക് പണി പൂർത്തീകരിക്കാൻ കഴിയുമെന്നും, ബാക്കി റോഡുകളുടെ പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പി. എം. ജി. എസ്. വൈ. പദ്ധതിപ്രകാരം കാസർഗോഡ് ജില്ലയിൽ രണ്ട്, മൂന്ന്, നാല് ഘട്ടങ്ങളിലായി ആകെ 11 റോഡുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഓരോ റോഡിനും അനുവദിച്ചിട്ടുള്ള തുക അനുബന്ധം 4-ാം കോളത്തിൽ ചേർത്തിട്ടുണ്ട്.†

(സി) കാഞ്ഞങ്ങാട്, മഞ്ചേശ്വരം ബ്ലോക്കുകളിൽ രണ്ടാം ഘട്ടമായി അനുവദിച്ച എല്ലാ റോഡുകളും പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ നീലേശ്വരം ബ്ലോക്കിൽ അനുവദിച്ച രണ്ടു റോഡുകളുടെ പണികൾ നടന്നുവരുന്നു. ഘട്ടം നാലു പ്രകാരം കാസർഗോഡ് ബ്ലോക്കിൽ അനുവദിച്ച 3 റോഡുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്.

(ഡി) നീലേശ്വരം ബ്ലോക്കിലെ പ്രവൃത്തികൾ 2006 മാർച്ചിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാസർഗോഡ് ബ്ലോക്കിലെ ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ സെപ്തംബർ അവസാനവാരത്തിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

† അനുബന്ധം X കാണുക.

അനുബന്ധം X

[10-8-2006-ലെ 125 (3381)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

നം.	റോഡിന്റെ പേര്	ബ്ലോക്ക്	അനുവദിച്ച തുക	റിമാർക്സ്
1.	പാറപ്പള്ളി-കല്ലിയോട്ട് റോഡ്	കാഞ്ഞങ്ങാട്	31.146 ലക്ഷം	31-3-2003-ൽ പൂർത്തീകരിച്ചു.
2.	മാലോം-മരുതംകവല റോഡ്	കാഞ്ഞങ്ങാട്	80.591 ലക്ഷം	31-3-2003-ൽ പൂർത്തീകരിച്ചു.
3.	ബകളം-എരിക്കുളം റോഡ്	കാഞ്ഞങ്ങാട്	36.873 ലക്ഷം	31-3-2003-ൽ പൂർത്തീകരിച്ചു.
4.	പരപ്പ-പള്ളത്തുമൂല റോഡ്	കാഞ്ഞങ്ങാട്	40.48 ലക്ഷം	31-3-2003-ൽ പൂർത്തീകരിച്ചു.
5.	പെയ്ന്റടി-ബജ്റപകടവ് റോഡ്	മഞ്ചേശ്വരം	147.66 ലക്ഷം	31-3-2005-ൽ പൂർത്തീകരിച്ചു.
6.	മഹാലിംഗേശ്വർ-കോടി-കിട്ടഗുണ്ടി റോഡ്	മഞ്ചേശ്വരം	153.38 ലക്ഷം	31-3-2005-ൽ പൂർത്തീകരിച്ചു.
7.	നന്നാടിമുക്ക്-പള്ളിപ്പാറ റോഡ്	നീലേശ്വരം	85.83 ലക്ഷം	പ്രവൃത്തി പുരോഗമിക്കുന്നു.
8.	മുക്കട-കിനാനൂർ റോഡ്	നീലേശ്വരം	76.66 ലക്ഷം	പ്രവൃത്തി പുരോഗമിക്കുന്നു.
9.	വാവടുക്കം-കൊട്ടോടി റോഡ്	കാസർഗോഡ്	188.37 ലക്ഷം	ടെണ്ടർ ചെയ്തു.
10.	പെർലടുക്ക-എസ്.കെ. നഗർ-കരിപേടകം റോഡ്	കാസർഗോഡ്	88.06 ലക്ഷം	ടെണ്ടർ ചെയ്തു.
11.	പൊവ്വൽ-ചൊക്കമൂല റോഡ്	കാസർഗോഡ്	39.65 ലക്ഷം	ടെണ്ടർ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly